പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3041 — 22.02.2016-ൽ മറുപടിക്ക്

## പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റം

ചോദ്യം
**ശ്രീ. എ.റ്റി.ജോർജ്ജ്**

ഉത്തരം
**ഡോ. എം.കെ. മുനീർ**
**(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)**

(എ) പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റം നടപ്പിലാക്കുന്നതിന് 03.10.2013-ൽ കൂടിയ വകുപ്പ് തല സെക്രട്ടറി തല മീറ്റിംഗ് പ്രകാരം ശുചിത്വമിഷനിൽ ഹാജരാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ പൂർണ്ണ വിവരവും, ഓരോ പ്ലാന്റും ഏതു വർഷം മുതൽ പ്രവർത്തിച്ചു വരുന്നു എന്ന വിവരവും വിശദമാക്കാമോ ;

(എ) 09.04.2015-ൽ ശ്രീ.പ്രസന്നകുമാർ ടിയാന്റെ ഇക്കോ ബയോ സിസ്റ്റം സ്ഥാപിക്കപ്പെട്ടതായി അവകാശപ്പെട്ട് ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | സ്ഥാപനം | സ്ഥാപിച്ച വർഷം |
|---|---|---|
| 1 | ഒ.ബി.സി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഫോർ ബോയ്സ്, CUSAT Campus | 2010-2011 |
| 2 | ഡോ.അംബേദ്കർ MRS CBSE സ്കൂൾ, പാലോട് | 2009-2010 |
| 3 | ഷഹൻഷാ, സീനിയർ അസിസ്റ്റന്റ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം | 2006 |
| 4 | പി.ആർ ശ്രീകുമാർ, അഡീഷണൽ സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം | 2008 |
| 5 | ആശ, ഗവൺമെന്റ് ടീച്ചർ , 'കുറിഞ്ഞി', ആലുംതറ, കരമന പി.ഒ | 2006 |

മേൽ പ്ലാന്റുകൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമല്ല.

(ബി) കൊച്ചിൻ സാങ്കേതിക യൂണിവേഴ്സിറ്റിയിൽ പ്രസ്തുത ബയോസിസ്റ്റം വിജയകരമായി പ്രവർത്തിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കൊച്ചിൻ സാങ്കേതിക സർവ്വകാലശാലയിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ ടി സംവിധാനം സ്ഥാപിച്ചിട്ടുള്ളതായി ശ്രീ. പ്രസന്നകുമാർ അറിയിച്ചിട്ടുണ്ട്.

(സി) എങ്കിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ ?

(സി) ശുചിത്വമിഷൻ പുതിയ ടെക്നോളജികൾക്കുള്ള അംഗീകാരം നൽകുന്നതിലേയ്ക്കായി 2015-ൽ അപേക്ഷ ക്ഷണിച്ചതിന്റെയടിസ്ഥാനത്തിൽ ശ്രീ.പ്രസന്നകുമാറിന്റെ ഇക്കോ ബയോ സിസ്റ്റവും സാങ്കേതിക പരിശോധനയ്ക്കായി പരിഗണിച്ചിരുന്നു. ആയതിന്റെ ലഭ്യമാക്കിയ രേഖകളും ടെക്നിക്കൽ പ്രസന്റേഷനും സാങ്കേതിക സമിതി വിലയിരുത്തുകയും ടി സിസ്റ്റത്തിന്റെ പരിശോധനയ്ക്കായി വേണ്ട സാങ്കേതിക വിവരങ്ങൾ, ഡേറ്റ, അന്തിമമായി പുറംതള്ളപ്പെടുന്ന ദ്രവവസ്തുതവിന്റെ ക്വാളിറ്റി പരിശോധനാ വിവരങ്ങൾ തുടങ്ങിയവ ലഭ്യമാക്കപ്പെട്ടിട്ടില്ലാത്തിനാൽ ടി പ്രൊപ്പോസൽ ഈ ഘട്ടത്തിൽ പരിഗണിക്കേണ്ടതില്ലായെന്ന് നിശ്ചയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ